ഉത്തരം

(എ) നിയമാനുസൃതം ആശുപത്രി കെട്ടിടം പണിയുന്നതിനുവേണ്ടി വരുന്ന ഒരേക്കർ സ്ഥലം ഏടവിലങ്ങ് പഞ്ചായത്ത് ഇതുവരെ ഫിഷറീസ് വകുപ്പിന് ലഭ്യമാക്കാത്തതിനാലാണ് അവിടെ ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കാത്തത്.

(ബി) ഏടവിലങ്ങ് പഞ്ചായത്ത് ആവശ്യമായ സ്ഥലം ലഭ്യമാക്കുയാൽ മാത്രമേ ആശുപത്രി കെട്ടിടം പണികഴിക്കുവാൻ സാധിക്കുകയുള്ളു. കെട്ടിടം പണി പൂർത്തിയാക്കി ആരോഗ്യവകുപ്പിനെ ഏൽപ്പിച്ചാൽ മാത്രമേ സ്റ്റാഫിനെ നിയമിച്ച് ആശുപത്രി പ്രവർത്തനം ആരംഭിക്കാൻ ആരോഗ്യ വകുപ്പ് നടപടി സ്വീകരിക്കുകയുള്ളു.

മൽസ്യഫെഡിന്റെ പ്രവർത്തനത്തിനനുവദിച്ച തുക

1556. [2324] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൽസ്യഫെഡിന്റെ പ്രവർത്തനത്തിന് ഇക്കൊല്ലം എത്ര തുക അനുവദിച്ചിട്ടുണ്ട് ;

(ബി) അതിന്റെ പ്രവർത്തനത്തിനുവേണ്ടി ലോണായോ ഗ്രാൻറായോ ഏതെങ്കിലും സാമ്പത്തിക സ്ഥാപനങ്ങൾ തുക അനുവദിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളൊന്നും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 167 ലക്ഷം രൂപ.

(ബി) ഉണ്ട്.

(സി) സമുദ്രോൽപ്പന്ന കയറ്റുമതി വികസന അതോറിറ്റിയിൽനിന്നും 7,15,900 രൂപ അനുവദിച്ചിട്ടുണ്ട്.

മൽസ്യത്തൊഴിലാളി ഇൻഷ്വറൻസ് പദ്ധതി

1557. [2325] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ മൽസ്യത്തൊഴിലാളി ഇൻഷ്വറൻസ് പദ്ധതിയിൽ കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ അടയ്ക്കേണ്ട വിഹിതം എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

സംസ്ഥാന ഗവൺമെൻറിന്റെ വിഹിതം 7,25,702 രൂപയാണ്. കേന്ദ്ര ഗവൺമെൻറ് വിഹിതം സംസ്ഥാന ഗവൺമെൻറിന്റെ വിഹിതത്തിന് തുല്യമായ സംഖ്യയാണ്.

മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ലംപ്സംഗ്രാൻറ്

1558. [2326] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ലപ്സംഗ്രാൻറ് നൽകുന്നതിനായി എന്തു തുക ചെലവഴിച്ചു ;

(ബി) 1983-84, 1984-85, 1985-86, 1986-87 എന്നീ വർഷങ്ങളിൽ എത്ര കുട്ടികൾക്ക് എന്തുതുക വീതം നൽകിയെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly